**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4321** **18-07-2022 - ൽ മറുപടിയ്ക്ക്**

**കോതമംഗലം ആദിവാസി കോളനികളിലെ വൈദ്യുതീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ കുഞ്ചിപ്പാറ, തലവച്ചപാറ, വാരിയം, തേര, ഉറിയൻപെട്ടി തുടങ്ങിയ ആദിവാസി കോളനികളിൽ നാളിതുവരെ വൈദ്യുതീകരണം നടത്തിയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ പിന്നാക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി ഗവൺമെന്റ് നിർദേശമനുസരിച്ച് KSEBL, ട്രൈബൽ കോളനികളുടെ DPR തയ്യാറാക്കു കയും ഫണ്ട് ലഭ്യമാക്കുന്നതിലേക്കായി വൈദ്യു തീകരണത്തിനുള്ള DPR 23.11.2021-നു പട്ടിക വർഗ്ഗ വികസനവകുപ്പ് ഡയറക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഈ കോളനികളുടെ ലിസ്റ്റിൽ തലവച്ചപ്പാറ, കുഞ്ചിപ്പാറ, വാരിയം, തേര, ഉറിയംപെട്ടി എന്നീ കോളനികൾ ഉൾപ്പെട്ടിട്ടുണ്ട്.<br><br>ഇതിൽ തലവച്ചപാറ, കുഞ്ചിപ്പാറ കോളനി കളിൽ മാത്രമേ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുകയുള്ളൂ. ഈ കോളനികളുടെ വൈദ്യുതീകരണത്തിനായി 4,07,02,000/- രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയി രിക്കുന്നത് .<br><br>എന്നാൽ വാരിയം, തേര, ഉറിയംപെട്ടി എന്നീ കോളനികൾ ദുർഘട പ്രദേശങ്ങളാ കയാൽ ഈ പ്രദേശങ്ങളിൽ സോളാർ പാനലുകൾ ഉപയോഗിച്ച് വൈദ്യുതി ലഭ്യമാക്കു ന്നതാണ് അഭികാമ്യം എന്നു കാണുന്നു. കൂടാതെ സോളാർ ലഭ്യമാക്കുന്നതിന്റെ സാധ്യത പരിശോധിക്കാനായി അനർട്ട് ഡയറക്ടറോടും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോളനികളിൽ വൈദ്യുതീകരണത്തിനായി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയുടെ ഡി.പി.ആർ. ആണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ പിന്നാക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി ഗവൺമെന്റ് നിർദേശമനുസരിച്ച് KSEBL, ട്രൈബൽ കോളനികളുടെ DPR തയ്യാറാക്കു കയും ഫണ്ട് ലഭ്യമാക്കുന്നതിലേക്കായി വൈദ്യു തീകരണത്തിനുള്ള DPR 23.11.2021-നു പട്ടിക വർഗ്ഗ വികസനവകുപ്പ് ഡയറക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഈ |

| | | | |
|---|---|---|---|
| | | | കോളനികളുടെ ലിസ്റ്റിൽ തലവച്ചപ്പാറ, കുഞ്ചിപ്പാറ, വാരിയം, തേര, ഉറിയംപെട്ടി എന്നീ കോളനികൾ ഉൾപ്പെട്ടിട്ടുണ്ട്.<br><br>ഇതിൽ തലവച്ചപാറ, കുഞ്ചിപ്പാറ കോളനി കളിൽ മാത്രമേ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുകയുള്ളൂ. ഈ കോളനികളുടെ വൈദ്യുതീകരണത്തിനായി 4,07,02,000/- രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയി രിക്കുന്നത് .<br><br>എന്നാൽ വാരിയം, തേര, ഉറിയംപെട്ടി എന്നീ കോളനികൾ ദുർഘട പ്രദേശങ്ങളാ കയാൽ ഈ പ്രദേശങ്ങളിൽ സോളാർ പാനലുകൾ ഉപയോഗിച്ച് വൈദ്യുതി ലഭ്യമാക്കു ന്നതാണ് അഭികാമ്യം എന്നു കാണുന്നു. കൂടാതെ സോളാർ ലഭ്യമാക്കുന്നതിന്റെ സാധ്യത പരിശോധിക്കാനായി അനർട്ട് ഡയറക്ടറോട്ടും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത ഡി.പി.ആർ. ന് വർക്കിങ്ങ് ഗ്രൂപ്പ് അനുമതി നൽകിയിട്ടുണ്ടോ എന്നും ഭരണാനുമതി ലഭ്യമായിട്ടുണ്ടോയെന്നും വിശദമാക്കാമോ; | (സി) | മേൽപ്പറഞ്ഞ ഡി പി ആർ അനുസരിച്ച് തലവച്ചപാറ, കുഞ്ചിപ്പാറ കോളനികളുടെ വൈദ്യുതീകരണത്തിനായി 4.07 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കോളനികളിൽ ഏത് തരത്തിലാണ് വൈദ്യുതീകരണം നടപ്പിലാക്കുന്നത് എന്ന് വിശദമാക്കാമോ; | (ഡി) | 13 കി.മീ. 11 കെ.വി. ഭൂഗർഭ കേബിളും, 0.15 കി.മീ. 11 കെ.വി. ലൈനും, 4.65 കി.മീ. ലോ ടെൻഷൻ എ.ബി.സി.യും, 100 കെ.വി.എ.കപ്പാസിറ്റിയുള്ള രണ്ട് ട്രാൻസ്ഫോർമറുകളും ഉൾപ്പെടുന്നതാണ് തലവച്ചപാറ, കുഞ്ചിപ്പാറ കോളനികളുടെ വൈദ്യുതീകരണ പദ്ധതി. |
| (ഇ) | ഏകദേശം അറുന്നൂറോളം ആദിവാസി കുടുംബങ്ങൾ താമസിക്കുന്ന പ്രസ്തുത കോളനികളിലേക്ക് അടിയന്തരമായി വൈദ്യുതീകരണം നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ? | (ഇ) | ടെൻഡർ നടപടികളിലൂടെ വൈദ്യുതീകരണം നടത്തുന്നതിനുള്ള നടപടികൾ പുരോഗമി ക്കുന്നു. |

സെക്ഷൻ ഓഫീസർ